സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ. തിരുവനന്തപുരം 695003
ഫോൺ. 0471 – 2314288 ഇ മെയിൽ. dcotdb@gmail.com

കൊല്ലവർഷം 1198-ലെ ശബരിമല മണ്ഡലം-മകരവിളക്ക്, മേടവിഷു, മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, ആക്സസറി സാധനങ്ങൾ എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ഇ-ടെൻഡർ നിബന്ധനകൾ.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1198-ലെ മണ്ഡലം-മകരവിളക്ക്, മേടവിഷു, മാസപൂജ മഹോത്സവങ്ങളോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, ആക്സസറി സാധനങ്ങൾ എന്നിവ സപ്ലൈ ചെയ്യുന്നതിന് സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്നും ഈ പരസ്യ ത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഇ-ടെൻഡർ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, അന്നദാനം, മെസ്സ്, എന്നിവടങ്ങളിലേക്ക് പാത്രങ്ങൾ ഒഴികെയുള്ള ആവശ്യമായ ആക്സസറി സാധനങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ഇതോടൊപ്പം ചേർക്കുന്നു. ആയതിൽ എണ്ണം ഒന്നിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.
2. ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റും, അവയുടെ അളവ് / തൂക്കം/ എണ്ണം എന്നിവയും പ്രത്യേകം ലിസ്റ്റായി ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ഒഴിവാക്കുന്നതിനോ അളവ് /എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിനോ നിർദ്ദേശിക്കുവാൻ ദേവസ്വം ബോർഡിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും. അതനുസരിക്കുന്നതിന് ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാം തരത്തിലുള്ളവ ആയിരിക്കണം. ഒന്നാം തരത്തിലുള്ളതല്ലാത്ത സാധനങ്ങൾ ടെൻഡറുകാരൻ ഹാജരാക്കുകയും, ഒഴിച്ചു കൂടാൻ പറ്റാത്ത ഏതെങ്കിലും സാഹചര്യത്തിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന

റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതിന്മേൽ പരാതിപ്പെടാൻ ടിയാന് അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൽ വച്ച് ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ ടെൻഡർകാരന് ആയതിന് അവകാശമില്ലാത്തതുമാകുന്നു.

3. ഇ-ടെൻഡറുകൾ 25-10-2022 പകൽ 11.00.മണിയ്ക്ക് www.keralaetenders.gov.in മുമ്പായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.
4. ടെൻഡറിനൊപ്പം 25,000/- രൂപ (ഇരുപത്തി അയ്യായിരം) ഓൺലൈനായി സമർപ്പിക്കേണ്ടതാണ്

5. ഇ-ടെൻഡറുകൾ 26-10-2022 പകൽ 11.00. മണിയ്ക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്.
6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും. സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിലേക്ക് നൽകേണ്ടതുള്ള പക്ഷം ആയത് കുത്തകക്കാരന്റെ പൂർണ്ണ ഉത്തര വാദ്യത്തിലും ബാദ്ധ്യതയിലുമാകണം.
8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1198-ലെ ഉത്സവങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
9. ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തി/സ്ഥാപനങ്ങൾക്ക് മതിയായ കമ്പനി രജിസ്ട്രേഷനുകൾ ഉണ്ടായിരിക്കേണ്ടതാണ്. സാധനങ്ങൾ മുടക്കം കൂടാതെ സപ്ലൈ ചെയ്യുന്നതിന് പ്രാപ്തി ഉണ്ട് എന്ന് തെളിയിക്കുന്നതിന് ആവശ്യമായ EXPERIENCE CERTIFICATE ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.
10. മുൻ വീഴ്ച്ചക്കാരെയും കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും ടെൻഡറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
11. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.

12. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.
13. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിൽ അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും വീഴ്ച വരുത്തിയ കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
14. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
15. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.
16. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട ജില്ലാ കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.
17. ആവശ്യമായ സാധനങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.
18. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധി കുത്തക അവകാശം ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം ശബരിമല എക്സിക്യൂട്ടീവ് ആഫീ സറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.

19. ഇ-ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനം/ഏജൻസികൾക്ക് ആവശ്യമായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

20. ഇ-ടെൻഡറിൽ പങ്കെടുത്ത ശേഷമോ കുത്തക ലഭിച്ചതായി അറിയിപ്പ് ലഭിച്ച ശേഷമോ കുത്തകയിൽ നിന്നും പിന്മാറുന്ന സ്ഥാപനത്തിന്റെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽകൂട്ടുന്നതായിരിക്കും.
21. ടെൻഡർ നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന സാധനങ്ങൾ ഭാഗികമായോ പൂർണ്ണമായോ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുള്ള സാധനങ്ങൾക്കുള്ള പേയ്മെന്റ് മാത്രമേ നൽകുകയുള്ളു.

<u>കൂടുതൽ വിവരങ്ങൾക്ക് 0471-2314288 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.</u>

ആർ.ഒ.സി.46/2022/ശബ
11.10.2022

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003